DESPATCHED
On... 15/06/2020

04/06/2020.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 76*(2)/2020*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **868**/*എസ്.ഐ.സി–ജി 6/2020*)
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ.ഒ.വി.ശ്രീദത്ത്,
അരണ്യാലയം,
ചോഴിയക്കോട് പി.ഒ.,
കുളത്തൂപ്പുഴ വഴി, കൊല്ലം ജില്ല.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ& പോലീസ് ഇൻസ്പെക്ടർ, കടയ്ക്കൽ പോലീസ് സ്റ്റേഷൻ.**

2. **അപ്പീൽ അധികാരി& ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, പുനലൂർ പി.ഒ.,കൊല്ലം ജില്ല, കടയ്ക്കൽ.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 01.01.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 19. 01.2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 08.01.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | – |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 13.01.2020 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 16.01.2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 15.02.2020 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.ഒ.വി.ശ്രീദത്ത്, 13.01.2020ന് സമർപ്പിച്ച അപ്പീൽ ഹർജി 16.01.2020ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.76(2)/20/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭിക്കാത്തതിനെ തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും യാതൊരു മറുപടിയും ലഭിച്ചില്ലെന്നും ആകയാൽ ടിയാന് മറുപടി ലഭ്യമാക്കണമെന്നും വീഴ്ച വരുത്തിയ ഒന്നാം എതിർകക്ഷിയ്ക്കെതിരെ നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 01.01.2020ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 19.01.2020ന് മറുപടി നൽകുകയും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 08.01.2020ന് ഒന്നാം അപ്പീൽ സമർപ്പിക്കുകയും ചെയ്തു.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 15.02.2020ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും ഹർജിക്കാരന്റെ 01.01.2020ലെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടില്ലെന്നാണ് ഹർജിക്കാരന്റെ ആക്ഷേമെന്ന് കമ്മീഷൻ വിലയിരുത്തുന്നു. എന്നാൽ ടിയാന്റെ അപേക്ഷയ്ക്ക് 19.01.2020ന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. കൂടാതെ കോടതിയിൽ വിചാരണയിലിരിക്കുന്ന വിഷയമാണെന്നും ടിയാൻ പോക്സോ നിയമപ്രകാരമുള്ള കേസ്സിലെ പ്രതിയാണെന്നും ടിയാൻ കുറ്റം ചെയ്തതായി വെളിവായിട്ടുള്ളതിനാൽ ടിയാനെ പ്രതിയാക്കി ടി കേസ്സിന്റെ ചാർജ്ജ് ഷീറ്റ് കോടതിയിൽ സമർപ്പിച്ചിട്ടുള്ളതാണെന്നും ടി കേസ്സ് ഇപ്പോൾ CC 765/2017 നമ്പരായി കോടതിയുടെ പരിഗണയിലാണെന്നുമാണെന്നും ആയതിനാലാണ് വിവരാവകാശ നിയമം 8(1) (h) പ്രകാരം നൽകാൻ നിർവ്വാഹമില്ലെന്ന് അറിയിച്ചതെന്നും ഒന്നാം എതിർകക്ഷി കമ്മീഷനു മൊഴി നൽകി. ടി മൊഴി

കമ്മീഷൻ അംഗീകരിക്കുന്നു. എന്നാൽ ഹർജിക്കാരന്റെ അപ്പീൽ തീർപ്പാക്കിയിട്ടില്ലെന്നും ആയത് വിവരാവകാശ നിയമം വകുപ്പ് 19(6)ന്റെ ലംഘനമാണെന്നും കമ്മീഷൻ വിലയിരുത്തുന്നു. ആകയാൽ ഈ ഉത്തരവ് ലഭിച്ച് 15 ദിവസത്തിനകം ടിയാന്റെ രണ്ടാം അപ്പീൽ തീർപ്പാക്കി വിശദീകരണം സമർപ്പിക്കേണ്ടതാണെന്ന് കമ്മീഷൻ രണ്ടാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

5. മേൽ നിർദ്ദേശപ്രകാരം അപ്പീൽ ഹർജി ഇന്നേദിവസം 2020 ജൂൺ 4–ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM